# കാലിക്കറ്റ് സർവകലാശാലാ നിലവിൽ അംഗീകാരം / തുല്യത നല്കിയിട്ടില്ലാത്ത പ്രോഗ്രാമ്മുകൾക്ക് അംഗീകാരം / തുല്യത അനുവദിച്ചു കിട്ടുന്നതിനായി അപേക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. A4 ഷീറ്റിൽ എഴുതിയതോ ടൈപ്പ് ചെയ്തതോ ആയ അപേക്ഷയാണ് സമർപ്പിക്കേണ്ടത്.

2. പ്രോഗ്രാമിന്റെപേര്, ഈ സർവകലാശാലയിൽ ഏത് പ്രോഗ്രാമ്മുമായാണ് തുല്യത വേണ്ടത് എന്നീ കാര്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തണം.

3. രജിസ്ട്രാർ, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, കാലിക്കറ്റ് സർവകലാശാല-673635 എന്ന വിലാസത്തിലാണ് അപേക്ഷ നൽകേണ്ടത്.

4. അപേക്ഷ നേരിട്ടോ തപാൽ മാർഗ്ഗമോ സമർപ്പിക്കാവുന്നതാണ്.

5. അപേക്ഷയിൽ അപേക്ഷകന്റെ പിൻകോഡ് സഹിതമുള്ള പൂർണ്ണവിലാസം, ഈ മെയിൽഐഡി, മൊബൈൽ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തണം.

6. അപേക്ഷയോടൊപ്പം താഴെപറയുന്ന രേഖകൾ ലഭ്യമാക്കണം.

   **a.** കൃത്യമായി പൂരിപ്പിച്ച Proposal Form. (Proposal Form സർവകലാശാല സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്).

   **b.** Equivalency / Recognition നായി സമർപ്പിക്കുന്ന പ്രോഗാമിന്റെ (അപേക്ഷകൾ പഠിച്ച കാലഘട്ടത്തിലെ) റെഗുലേഷൻസ്,സ്കീം ആൻഡ്സിലബസ് (ബന്ധപ്പെട്ട സർവകലാശാലയുടെ /സ്ഥാപനത്തിന്റെ രജിസ്ട്രാർ അറ്റസ്റ്റ് ചെയ്തത് കൂടാതെ ഇതിന്റെ സോഫ്റ്റ് കോപ്പി 25 MB താഴെ വരുന്ന ഫയലിൽ CD യിലും ലഭ്യമാക്കണം (Single PDF Format).

**c.** 10th ക്ലാസ് മുതലുള്ള എല്ലാ സർട്ടിഫിക്കറ്റ്കളുടെയും മാർക്ക് ലിസ്റ്റുകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ +TC/CC (അല്ലെങ്കിൽ പഠനരീതി തെളിയിക്കുന്നതിനായി സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ പ്രമാണം) ഈ രേഖകളുടെ സോഫ്റ്റ്കോപ്പികളും, റെഗുലേഷൻസ്, സ്കീംആൻഡ് സിലബസ് സമർപ്പിക്കുന്ന CD യിൽ ലഭ്യമാക്കണം.

**d.** പ്രൊപോസൽ ഫീ ആയ 555/- രൂപ അടച്ചതിന്റെ ഒറിജിനൽ ചലാൻ രസീതി.

- ഫാസ്റ്റ് ട്രാക്കിൽ പ്രൊപോസൽ സമർപ്പിക്കുന്നവർ ഫാസ്റ്റ് ട്രാക്കിൽ അപേക്ഷ സമർപ്പിക്കുന്നതിന്റെ കാരണം രേഖ സഹിതം സമർപ്പിക്കണം. (ഫാസ്റ്റ് ട്രാക്ക് പ്രൊപോസൽ ഫീ 2760/-.
- റഗുലർ പ്രോഗ്രാമുകളുടെ തുല്യതയ്ക്കായുള്ള അപേക്ഷകൾ മാത്രമാണ് ഫാസ്റ്റ് ട്രാക്കിൽ പരിഗണിക്കുന്നത്.
- സമർപ്പിച്ച രേഖകൾ അക്കാദമിക് ബ്രാഞ്ച് വഴി പഠന സമിതികൾക്ക് കൈമാറുന്നതാണ്.
- Equivalency/ Recognition അനുവദിക്കുന്ന /നിരസിക്കുന്ന മുറയ്ക്ക് അപേക്ഷകനെ email/ memo വഴി അറിയിക്കുന്നതാണ്. തുല്യത /അംഗീകാരം അനുവദിക്കുന്ന മുറയ്ക്ക് ആയതിനുവേണ്ടി ഫീസ് അടച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- കാലിക്കറ്റ് സർവകലാശാലയുടെ E-Payment - (Instant Web Payment System) മുഖേന Proposal fee അടയ്ക്കണം. FEE FOR THE CONSIDERATION OF PROPOSAL FOR RECOGNITION/EQUIVALENCY OF A PROGRAMME OF OTHER UNIVERSITIES/INSTITUTION എന്ന purpose select ചെയ്ത് നിശ്ചിത തുക enter ചെയ്ത് ഫീസ് അടക്കാവുന്നതാണ്.